കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മാലിന്യമുക്ത കേരളം - മൺസൂൺ പൂർവ്വകാല മുൻകരുതൽ നടപടികൾ - ഒരാഴ്ചത്തെ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.1780/2016/തസ്വഭവ തിരുവനന്തപുരം, തീയതി 28. 05.2016

---

പരാമർശം - (1) 01/04/2016- തീയതിയിലെ 201/ഡിസി1/2016/തസ്വഭവ നമ്പർ സർക്കുലർ.

(2) 23/05/2016-ലെ സ.ഉ.(സാധാ)നം.1724/2016/തസ്വഭവ നമ്പർ ഉത്തരവ്.

## ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം മൺസൂൺ കാലത്ത് കേരളത്തിൽ പകർച്ചവ്യാധികൾ പടർന്ന് പിടിക്കാതിരിക്കുന്നതിന് ശുചീകരണ/പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പറയുന്ന എല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കുവാൻ വേണ്ട നടപടികൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി ജൂൺ 1 മുതൽ ഒരാഴ്ചക്കാലം മൺസൂൺ പൂർവ്വകാല മുൻകരുതൽ നടപടികൾ സംബന്ധിച്ച് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിൽ ഒരാഴ്ചത്തെ പ്രചാരണ/ ശുചീകരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതും, ലോകപരിസ്ഥിതി ദിനമായ ജൂൺ 5-ന് പ്രാദേശികമായി വിവിധ സന്നദ്ധ സംഘടനകൾ, അനുബന്ധ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ, ജനപ്രതിനിധികൾ എന്നിവരെ സംഘടിപ്പിച്ചുകൊണ്ട് വിപുലമായ ബോധവൽക്കരണ പരിപാടികളും ശുചീകരണ പരിപാടികളും സംഘടിപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

2. മൺസൂൺ പൂർവ്വകാല ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയുടെ തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ തുക കണ്ടെത്തി പരാമർശം (2)-ൽ പറയുന്ന തുകയ്ക്ക് അനുസൃതമായി പ്രോജക്ടുകൾ ഇല്ലാതെ തന്നെ

പ്രവർത്തനങ്ങൾ നടത്തുവാനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു. ഇപ്രകാരം നടത്തപ്പെടുന്ന പ്രവൃത്തികൾ സാമൂഹ്യ പരിശോധനയ്ക്ക് (സോഷ്യൽ ആഡിറ്റ്) വിധേയമാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

പി ഐ ഷെയ്ക്ക് പരീത്
ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടിവ് ഡയറക്ടർ, ശുചിത്വമിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം
എല്ലാ മുൻസിപ്പാലിറ്റികൾക്കും /എല്ലാ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
നഗരകാര്യ സെക്രട്ടറിയുടെ പി.എ-യ്ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

Musal 28/05/16 5-20 P m